ഉപദേശങ്ങളെയും തങ്ങൾ അംഗീകരിക്കുന്നു എന്നും, ക്രിസ്തുമതം യഹൂദമതത്തിന്റെ ഒരു തുടർച്ചയായിരിക്കുന്നതുപോലെ ബഹായിമതം ഇസ്ലാമിന്റെ തുടർച്ച മാത്രമാണെന്നും അവർ വാദിക്കുന്നു.

ബഹായികൾക്കെതിരായ മറ്റൊരാരോപണം അവർ യഹൂദരെ അനുകൂലിക്കുകയും ഇസ്രായേലിലേക്കു പണമയയ്ക്കുകയും ചെയ്യുന്നു എന്നതാണ്. ബഹാഉള്ള തന്റെ ആയുസ്സിന്റെ അവസാനത്തെ ഇരുപത്തിനാലു വർഷങ്ങൾ കഴിച്ചുകൂട്ടിയതു് ഇസ്രായേലിലെ 'അക്കോ' എന്ന സ്ഥലത്താണ്. അവിടെയുള്ള ദേവാലയത്തിന്റെ സംരക്ഷണത്തിനു വേണ്ട പണം ബഹായികൾ അങ്ങോട്ട് അയയ്ക്കുന്നുണ്ട്. മറ്റൊരു വിധത്തിലും തങ്ങൾ ജൂതപ്രസ്ഥാനത്തെ (സിയോണിസത്തെ) സഹായിക്കുന്നില്ല എന്നു് ബഹായികൾ പറയുന്നു.

ഖൊമൈനിയുടെ അനുയായികൾ സ്ഥാനഭ്രഷ്ടനാക്കിയ ഈറാനിലെ ഷായെ ബഹായികൾ അനുകൂലിച്ചിരുന്നു എന്നതാണ് അവർക്കെതിരായ വേറെ ഒരു ആരോപണം. ഇതു് അസത്യമാണെന്നും, ഷാ ഭരണം തങ്ങളെ പീഡിപ്പിക്കുകയേ ചെയ്തിട്ടുള്ളു എന്നും ബഹായികൾ ചൂണ്ടിക്കാട്ടുന്നു. ഷായുടെ അവസാനത്തെ പ്രധാനമന്ത്രി ഒരു ബഹായി ആയിരുന്നു എന്ന ആരോപണത്തെ അവർ നിഷേധിക്കുന്നു. ബഹായികൾക്കു് രാഷ്ട്രീയം നിഷിദ്ധമാണ്. ഷായുടെ പ്രധാനമന്ത്രിക്കു് ബഹായിമതവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ മുത്തച്ഛൻ ഒരു ബഹായി ആയിരുന്നു.

ദില്ലിയിലെ യോഗത്തിൽവെച്ച് മിസ്സിസ് സൊറാബ്ജി ഈറാനിലെ മതമർദനത്തിനെതിരെ പൊതുജനാഭിപ്രായം വളർത്തുവാൻ ഇന്ത്യയിലെ ജനങ്ങളോട്ട് അഭ്യർത്ഥിക്കുകയുണ്ടായി.

മതം ഏതായാലും രാഷ്ട്രം മതാധിഷ്ഠിതമാവരുതു് എന്നതിനു മറ്റൊരു ഉദാഹരണമാണ് ഈറാനിൽ ബഹായികൾക്കു നേരിടേണ്ടിവരുന്ന മർദനം.

23-9-1984

# 17. പാഴ്സികൾ

'സെന്റ് അവെസ്ത' എന്ന വേദഗ്രന്ഥത്തിലും 'ജരതുഷ്ടൻ'(സൊറോസ്റ്റർ) എന്ന പ്രവാചകനിലും വിശ്വസിക്കുന്നവരെയാണ് 'പാഴ്സികൾ' എന്നു നാം വിളിക്കുന്നതു്. ജരതുഷ്ടമതം പിറന്ന ഈറാനിൽ ഇപ്പോൾ ആ മതം വിശ്വസിക്കുന്നവരുടെ എണ്ണം നാല്പതിനായിരത്തോളം മാത്രമാണ്. ഏററവും കൂടുതൽ പാഴ്സികൾ (ജരതുഷ്ടമതാനുയായികൾ) ഉള്ളതു് ഇന്ത്യയിലാണ്—ഒന്നരലക്ഷത്തോളം. ഇവരിൽ അറുപത്തിരായിരത്തിഅഞ്ഞൂറോളം പേർ ബോംബെ നഗരത്തിൽത്തന്നെയാണുള്ളതു്. ലോകമെങ്ങും ചിതറിക്കിടക്കുന്ന ഈ അതി ന്യൂനപക്ഷ മതവിഭാഗത്തിന്റെ ഇന്നത്തെ പ്രശ്നങ്ങൾ—നിലനില്പിന്റെ പ്രശ്നങ്ങൾ എന്നുതന്നെ പറയാം—ചർച്ചചെയ്യാനും, അവർക്കിടയിൽ കാര്യക്ഷമമായ സമ്പർക്കത്തിനുള്ള മാർഗങ്ങൾ തേടാനുമായി, 'ജരതുഷ്ടകോൺഗ്രസ്സിന്റെ നാലാം ലോകസമ്മേളനം ഇക്കഴിഞ്ഞ ജനുവരി രണ്ടാം വാരത്തിൽ ബോംബെയിൽ ചേരുകയുണ്ടായി. ബ്രിട്ടൻ, വടക്കേ അമേരിക്ക, വിദൂര പൗരസ്ത്യദേശം, പടിഞ്ഞാറെ ഏഷ്യ മുതലായ പ്രദേശങ്ങളിൽനിന്നും ഇന്ത്യയിൽ

നിന്നുമായി ആയിരത്തിഇരുനൂറ് പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഇവരിൽ നൂററമ്പതുപേർ ഈറാനിൽനിന്നായിരുന്നു.

ഋഗ്വേദസൂക്തങ്ങളുമായി വടക്കുപടിഞ്ഞാറു ഭാഗത്തുള്ള മലകൾ കയറിയിറങ്ങി ഇന്ത്യയിലേക്ക് ചരിത്രാതീതകാലത്തിൽ വന്നെത്തിയ ആര്യന്മാരുടെ ഒരു ശാഖ, ഏറെക്കുറെ അതേ കാലത്തുതന്നെ, ഇന്നത്തെ ഇറാഖ്മുതൽ അഫ്ഗാനിസ്ഥാൻവരെയുള്ള ഈറാൻ പീഠഭൂമിയിൽ വ്യാപിക്കുകയുണ്ടായി. ഭാഷകൊണ്ടു നോക്കിയാലും ഉള്ളടക്കംകൊണ്ടു നോക്കിയാലും ഋഗ്വേദവുമായി വളരെ അടുപ്പമുള്ളതായിരുന്നു ഇവരുടെ മതഗ്രന്ഥമായ 'സെന്ദ് അവെസ്ത.' 'ഗാഥ' എന്നു വിളിക്കപ്പെടുന്ന അവെസ്തയിലെ ഭാഗം, ഋഗ്വേദത്തിലെ സ്തുതികൾപോലെയാണ്. ഇന്ത്യയിലെത്തിയ ആര്യന്മാരുടെ മുഖ്യ മതകർമം 'യജ്ഞ'മായിരുന്നുവല്ലോ. ഈറാനിലെ ആര്യന്മാർ അവരുടെ മുഖ്യ മതകർമത്തെ 'യസ്നം' എന്നു വിളിച്ചു. രണ്ടു വിഭാഗങ്ങളുടെയും മത–ഐതിഹ്യങ്ങളിൽ ദേവന്മാരും അസുരന്മാരും ഉണ്ടായിരുന്നു. എന്നാൽ, ഇൻഡോ-ആര്യൻ വിശ്വാസത്തിനു നേരെ എതിരായി, അസുരന്മാർ നന്മയുടെ ശക്തികളും ദേവന്മാർ തിന്മയുടെ ശക്തികളുമാണെന്നു ഈറാനിയൻ ആര്യന്മാർ കരുതി. അസുരന്മാരിൽ പ്രമുഖനായ സർവേശ്വരനാണ് 'അഹുരമസ്ദൻ.' 'അഹ്റിമാൻ' എന്ന തിന്മയുടെ നേതാവുമായി അഹുരമസ്ദൻ നിരന്തരം സമരംചെയ്യുന്നു. ഈ സമരത്തിൽ മിത്രൻ (സൂര്യൻ), അഗ്നി മുതലായ അസുരന്മാർ അഹുരമസ്ദനെ സഹായിക്കുന്നു. ഈ അസുരന്മാരെ പ്രീണിപ്പിക്കുന്നതിനുള്ള 'യസ്ന'ത്തിൽ 'ഹയോമ' എന്നു വിളിക്കപ്പെടുന്ന സോമരസമാണ് ഒരു മുഖ്യ—ഉപകരണം. ആചാരശാസ്ത്രമാണ് സെന്ദ് അവെസ്തയുടെ ഒരു ഭാഗം. ഇവയ്ക്കെല്ലാം പഹ്ലവി (പില്ക്കാല പേഴ്സ്യൻ) ഭാഷയിൽ വിസ്തരിച്ച വ്യാഖ്യാനങ്ങളുമുണ്ട്. 'സെന്ദ്' അവെസ്തയിൽ പല ഭാഗങ്ങളും നശിച്ചുപോയിരിക്കുന്നു. വളരെ കുറച്ചേ അവശേഷിച്ചിട്ടുള്ളു. അഗ്ന്യാരാധന പില്ക്കാല പാഴ്സിമതത്തിൻെറ മുഖ്യഭാഗമായി. പ്രകൃതിയിലെ മണ്ണ്, ജലം, തീ മുതലായ വസ്തുക്കളെ മലിനീകരിക്കരുതെന്ന നിർബന്ധത്താൽ പാഴ്സികൾ മൃതശരീരങ്ങൾ കഴുകുകൾക്കു തീററയാക്കുകയാണു പതിവ്. ജനനംമുതൽ മരണംവരെ പല മതാചാരങ്ങളും സംസ്കാരങ്ങളും അവർ നിഷ്ഠയോടെ അനുഷ്ഠിച്ചുവന്നു.

ജരതുഷ്ടൻ പാഴ്സിമതത്തിൻെറ സ്ഥാപകനല്ല, പരിഷ്കർത്താവുമാത്രമാണ്. ക്രിസ്തു പിറന്നതിനു് ആറായിരത്തറുനൂറുവർഷം മുമ്പാണ് ജരതുഷ്ടൻ ജീവിച്ചിരുന്നതെന്നു പാഴ്സികൾ വിശ്വസിക്കുന്നു. പൊതുവെ ചരിത്രകാരന്മാരുടെ വിശ്വാസം ക്രിസ്തുവിനു് ആറു നൂററാണ്ടു മുമ്പ്—ഏതാണ്ട് ബുദ്ധൻെറ കാലത്ത്—ആയിരിക്കണം ആ പ്രവാചകൻ ജീവിച്ചിരുന്നതെന്നാണ്. മാസിഡോണിയയിലെ അലെക്സാണ്ഡർ ഈറാൻ ആക്രമിക്കുമ്പോൾ ആ രാജ്യത്തിലെ ജനങ്ങളും ഭരണാധികാരികളും ജരതുഷ്ടൻെറ അനുയായികൾ ആയിരുന്നു. പിന്നീട് ഈ പ്രദേശത്തു നിലവിൽ വന്ന പാർത്തിയൻ–സസ്സാനിയൻ സാമ്രാജ്യങ്ങളും ജരതുഷ്ടമതത്തിനു് ഔദ്യോഗികാംഗീകാരം നൽകി. ജരതുഷ്ടമതത്തിലെ ദൈവശാസ്ത്രവും പ്രപഞ്ചോൽപ്പത്തിശാസ്ത്രവും ജൂത–ക്രൈസ്തവ–മുസ്ലീം വിശ്വാസങ്ങളിൽ അഗാധമായ സ്വാധീനംചെലുത്തിയിട്ടുണ്ട്. ജരതുഷ്ടൻെറ അഹ്റിമാൻ ആണ് ഈ മതങ്ങളിൽ 'സാത്താൻ' (ശൈത്താൻ) ആയി പ്രത്യക്ഷപ്പെടുന്നതെന്നു കരുതപ്പെടുന്നു.

ക്രിസ്തുവർഷം ഏഴാം നൂററാണ്ടിൽ മുസ്ലീങ്ങൾ ഈറാൻ പിടിച്ചടക്കിയതോടെ ജരതുഷ്ടമതത്തിൻെറ പ്രചാരം കുറയാൻ തുടങ്ങി. ഏഴാം നൂററാണ്ടുമുതൽ പത്താം നൂററാണ്ടുവരെ, മതമർദനം ഭയപ്പെട്ട് പാഴ്സി

കൾ കൂട്ടത്തോടെ ഇന്ത്യയിലേക്ക് ഓടിവന്നുകൊണ്ടിരുന്നു. ഈ കുടിയേററം നിമിത്തം പാഴ്സിമതത്തിൻെറ ഏററവും വലിയ കേന്ദ്രം ഇന്ത്യ ആയിത്തീർന്നു. ന്യൂനപക്ഷമായി വിട്ടകന്നുനില്ക്കാതെ പാഴ്സികൾ ഇന്ത്യൻ ദേശീയജീവിതത്തിൽ പൂർണമായും അലിഞ്ഞുചേർന്നു. ദാദാഭായി നവറോജിയെപ്പോലുള്ള രാഷ്ട്രീയനേതാക്കന്മാരും, ടാററയെപ്പോലുള്ള വ്യവസായപ്രമുഖരും ഹോമിഭാഭയെപ്പോലുള്ള ശാസ്ത്രജ്ഞരും പാഴ്സികളാണ്. പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ പിതാവ് ഫിറോസ്ഗാന്ധി ഒരു പാഴ്സിയായിരുന്നു. ഇന്ത്യയിൽ എല്ലാ നഗരങ്ങളിലും വ്യാപാരത്തിൽ പാഴ്സികൾ നേതൃത്വം വഹിച്ചു. കോഴിക്കോട്ട് മിഠായിത്തെരുവിൽ ഒരു പാഴ്സിദേവാലയം ഇപ്പോഴുമുണ്ട്.

ഇന്ത്യയിലെ പാഴ്സികൾ അമ്പത്തഞ്ച് 'അൻജുമൻ' (സംഘം) ആയി സംഘടിച്ചിരിക്കുന്നു. ഇവയ്ക്ക് ഒരു കേന്ദ്രസംഘടന (ഫെഡറേഷൻ) ഉണ്ട്. ഈ കേന്ദ്രസംഘടനയ്ക്കുവേണ്ടി ബോംബെ പാഴ്സി പഞ്ചായത്താണ് ജരതുഷ്ടകോൺഗ്രസ്സിൻെറ നാലാം ലോകസമ്മേളനം വിളിച്ചുകൂട്ടിയത്. ഒന്നാം ലോകസമ്മേളനം നടന്നത് ഈറാനിൽ ടെഹറാൻ നഗരത്തിലായിരുന്നു—1961–ൽ. രണ്ടും മൂന്നും ലോകസമ്മേളനങ്ങൾ 1964–ലും 1978–ലുമായി ബോംബെയിൽ ചേർന്നു. 1980—ൽ ലണ്ടനിൽ രൂപവത്കരിക്കപ്പെട്ട ലോക സൊരാഷ്ട്രിയൻ സംഘടനയ്ക്കു വേണ്ടത്ര പ്രാതിനിധ്യമില്ലെന്നു കരുതപ്പെട്ടതിനാലാണ് നാലാം ലോകസമ്മേളനം വിളിച്ചുകൂട്ടാൻ ബോംബെ പാഴ്സി പഞ്ചായത്ത് മുൻകൈ എടുത്തത്.

മററു മതങ്ങളിൽ ചേരാൻ മടിക്കുന്ന പാഴ്സികൾക്ക്, അന്യമതക്കാരെ മതംമാററി പാഴ്സികളാക്കിയെടുക്കുന്നതിലും താല്പര്യമില്ല. സമ്പന്നരായതുകൊണ്ടാവാം, പാഴ്സികൾ വേഗത്തിൽ പെററുപെരുകുന്നില്ല. 1881–ാമാണ്ടുമുതൽ 1951–ാമാണ്ടുവരെ എഴുപതു വർഷങ്ങളിൽ ഇന്ത്യയിലെ പാഴ്സി ജനസംഖ്യയിൽ വന്ന വർദ്ധന 34.3 ശതമാനം മാത്രമായിരുന്നു. ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ മററു മിക്ക മതവിഭാഗക്കാരുടെയും ജനസംഖ്യാവർദ്ധന ഇതിൻെറ ഇരട്ടിയിലേറെയായിരുന്നു. പാഴ്സികൾക്കിടയിൽ കുട്ടികൾ കുറവാണ്—ആകെ ജനസംഖ്യയിൽ എട്ടിലൊന്നുമാത്രം. പുരുഷന്മാർ ധാരാളമായി മറുനാടുകളിലേക്കു കുടിയേറുന്നതിനാൽ, 25–നും 39—നും ഇടയ്ക്കു പ്രായമുള്ള പാഴ്സികളിൽ 1000 സ്ത്രീകൾക്ക് 944 പുരുഷന്മാരേ ഉള്ളു: 40—നും 54—നും ഇടയ്ക്കു പ്രായമുള്ളവരിലാകട്ടെ, 1000 സ്ത്രീകൾക്ക് 789 പുരുഷന്മാർ മാത്രവും. മറുനാടുകളിൽ പാർക്കുന്ന അവിവാഹിതരായ പാഴ്സികൾ ഇന്ത്യയിൽ വന്ന് പാഴ്സിസ്ത്രീകളെ വിവാഹംചെയ്തുകൊണ്ടുപോകുന്നത് പതിവാക്കണമെന്ന് ബോംബെ സമ്മേളനം അഭിപ്രായപ്പെടുകയുണ്ടായി.

പാഴ്സിമതത്തിന് ആധുനികലോകത്തിൽ പ്രസക്തിയുണ്ടോ എന്നതായിരുന്നു സമ്മേളനം ചർച്ചചെയ്ത മറെറാരു പ്രശ്നം. ആദിമപ്രവാചകരിലൊരാളായ ജരതുഷ്ടന് ഇന്നും, എന്നും പ്രസക്തിയുണ്ടായിരിക്കുമെന്ന് പ്രാസംഗികർ ഊന്നിപ്പറഞ്ഞു. എങ്കിലും, പാഴ്സിസംസ്കാരവും മതസാഹിത്യവും വളരുന്ന തലമുറയ്ക്ക് എങ്ങനെ പകർന്നുകൊടുക്കുമെന്നത് ഉത്തരംകാണാത്ത ഒരു പ്രശ്നംതന്നെയായി അവശേഷിക്കുന്നു. പല ആചാരങ്ങൾ പിൻതുടരുന്ന വ്യത്യസ്ത പാഴ്സിവിഭാഗങ്ങൾക്കിടയിൽ ഏകീകരണത്തിൻെറ ആവശ്യകതയായിരുന്നു മറെറാരു ചർച്ചാവിഷയം. ഏകീകരിച്ച ഒരു പാഴ്സി പഞ്ചാംഗം (മതാനുഷ്ഠാനങ്ങൾക്ക് പഞ്ചാംഗം അനുപേക്ഷണീയമാണല്ലോ) തയ്യാറാക്കി അംഗീകരിക്കുന്നതിനെപ്പററിയും പ്രസ്താവങ്ങളുണ്ടായി.

തങ്ങൾ ഒരു മതന്യൂനപക്ഷമാണെന്നും, ആ നിലയ്ക്ക് പ്രത്യേകാവകാശങ്ങളും സംരക്ഷണവും തങ്ങൾക്ക് വേണമെന്നും ഇന്ത്യയിലെ പാഴ്സികൾ ഇന്നോളം വാദിച്ചിട്ടില്ല. പക്ഷേ, മററ് മതന്യൂനപക്ഷങ്ങൾ എല്ലാം ഇന്ത്യയിൽ അനുഭവിക്കുന്ന സൗകര്യങ്ങൾ പാഴ്സികൾ മാത്രമായി എന്തിനു ത്യജിക്കണം എന്ന പ്രശ്നം ചിലർ ബോംബേ സമ്മേളനത്തിൽ ഉയർത്തുകയുണ്ടായി.

പൊതുവെ വാദപ്രതിവാദത്തിനിടയാക്കുന്ന പ്രശ്നങ്ങളൊന്നും ജരതുഷ്ട്രകോൺഗ്രസ്സിന്റെ നാലാം ലോകസമ്മേളനത്തിൽ ഉന്നയിക്കപ്പെടുകയുണ്ടായില്ല. പ്രാചീനമായ ഒരു വ്യത്യസ്തസംസ്കാരത്തിന്റെ പ്രതിനിധികളെന്ന നിലയിൽ ലോകത്തിലെങ്ങുമുള്ള പാഴ്സികളുടെ സാമൂഹ്യവ്യക്തിത്വം സംരക്ഷിക്കുകയും, ഇതിനായി പാഴ്സികൾക്ക് പരസ്പരം അടുത്തറിയുന്നതിനുള്ള ഉപാധികൾ സൃഷ്ടിക്കുകയുമായിരുന്നു 'ജരതുഷ്ട്രകോൺഗ്രസ്സിന്റെ നാലാം സമ്മേളനം'കൊണ്ട് പ്രവർത്തകർ ലക്ഷ്യമാക്കിയത് എന്നു തോന്നുന്നു. ആ ലക്ഷ്യംനേടാൻ കഴിഞ്ഞുവോ? കണ്ടുതന്നെ അറിയണം.

24—3—85

# 18. യേശുക്രിസ്തു കാശ്മീരിൽ? ലണ്ടനിൽ?

'കാദിയാനികൾ' എന്നുകൂടി വിളിക്കപ്പെടുന്ന അഹമ്മദീയരെപ്പററി ഈ പംക്തിയിൽ എഴുതിയിരുന്നുവല്ലൊ. ഇവർ മുസ്ലീങ്ങളല്ലെന്ന് ഒരു ഓർഡിനൻസിലൂടെ പാകിസ്ഥാൻ ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കുകയാണ്.

ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും ഇസ്ലാം പ്രചരിപ്പിക്കുന്ന എഴുപതു മിഷ്യനറിസംഘങ്ങൾ അഹമ്മദീയർക്കുണ്ടെന്ന് ജൂൺ 24—ലെ 'ജർമൻ ട്രൈബ്യൂൺ' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ കാണുന്നു. പടിഞ്ഞാറൻ ജർമനിയിൽ ഹാംബർഗ്, ഫ്രാങ്ക്ഫർട്, ബെർലീൻ എന്നീ നഗരങ്ങളിൽ അഹമ്മദീയരുടെ പള്ളികൾ ഉണ്ട്. മുപ്പതു വർഷങ്ങൾക്കുള്ളിൽ ജർമനിയിലെ യുവജനങ്ങൾ ഇസ്ലാം സ്വീകരിക്കാൻ സന്നദ്ധരാകുമെന്ന് 1973—ൽ അഹമ്മദീയരുടെ നേതാവായിരുന്ന മിർസാനാസിർ അഹമ്മദ് പ്രവചിക്കുകയുണ്ടായി. നൂറേനൂററമ്പതോ വർഷങ്ങൾക്കകം യൂറോപ്യർ മുഴുവൻ മുസ്ലീങ്ങളാകുമെന്നും ഇദ്ദേഹം 1978—ൽ പ്രസ്താവിച്ചു.

കാരണമെന്തെന്നല്ലേ? അസത്യമായ ചില വിശ്വാസങ്ങളിലാണ് ക്രിസ്തുമതം സ്ഥിതിചെയ്യുന്നതെന്ന് അഹമ്മദീയർ കരുതുന്നു. യേശുവിന്റെ കുരിശുമരണവും പുനരുത്ഥാനവുമാണല്ലോ ക്രിസ്തുമതത്തിലെ രണ്ട് അടിസ്ഥാനവിശ്വാസങ്ങൾ. യേശു കുരിശിൽ മരിച്ചിട്ടില്ലെന്ന് അഹമ്മദീയർ പറയുന്നു. അതിനാൽ പുനരുത്ഥാനവും നടന്നിട്ടില്ല കുരിശിൽനിന്നു രക്ഷപ്പെട്ടശേഷം യേശു ഇന്ത്യയിലെ കാശ്മീരിലേക്കു പോവുകയും, വിവാഹംചെയ്തു കുടുംബജീവിതം നയിക്കുകയും, നൂറിലേറെ വയസ്സാകുംവരെ അവിടെ ജീവിക്കുകയുംചെയ്തു എന്ന് വിവരിക്കുന്ന രണ്ടു പുസ്തകങ്ങൾ ഈയിടെ ജർമൻഭാഷയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 'യേശു ഇന്ത്യയിൽ ജീവിച്ചിരുന്നു' എന്നാണ് ഒരു പുസ്തകത്തിന്റെ പേര്; മറേറതിന്റെ പേര് 'യേശു കാശ്മീരിൽ മരിച്ചുവോ?' എന്നും. ഹോർജർകെർസ്റ്റൻ, സിഗ്ഫ്രീഡ് ഓബർമെയർ എന്ന രണ്ടുപേർ എഴുതിയ ഈ പുസ്തകങ്ങൾ ക്നൗർ, എകോൺ എന്നീ പ്രസിദ്ധീകരണ